(സി&ഡി) അടുത്ത കാലത്ത് ഫീസ് വർദ്ധന നടപ്പാക്കിയിട്ടില്ലെന്ന് മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ, കണ്ണൂർ സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഓരോ വർഷവും 5% വീതം ഫീസ് വർദ്ധന നടപ്പാക്കുന്നുണ്ട്.

കോഴിക്കോട് സർവ്വകലാശാല 2007-ന് ശേഷം പരീക്ഷാ ഫീസുകൾ വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ 8 വർഷത്തിനുശേഷം 2015-ൽ ശരാശരി 67% വർദ്ധന വരുത്തിയിട്ടുണ്ട്.

(ഇ) അടിയ്ക്കടിയുള്ള ഫീസ് വർദ്ധന ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പ്രകൃതി ദുരന്തം - പ്രവചന സംവിധാനങ്ങൾ

8 (*398) ശ്രീ. എസ്. ശർമ്മ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ദുരന്തനിവാരണ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി പ്രത്യേക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; എവിടെങ്ങളിലെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവ സ്ഥാപിച്ചിട്ട് എത്രകാലമായി ; നിലവിൽ പ്രവർത്തനക്ഷമമാണോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട ചില ഉപകരണങ്ങൾ ഇപ്പോൾ കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായോ ; ഇതിനായി എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥാപിക്കപ്പെട്ട ഉപകരണങ്ങൾ സമയാസമയങ്ങളിൽ പരിപാലിക്കപ്പെടാത്തതു കാരണം പ്രവർത്തനരഹിതമായിട്ടുണ്ടോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് മഴ മാപിനികൾ, ഭൂകമ്പ മാപിനികൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്, വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപിച്ചിരുന്ന 3 VHF ഉപകരണങ്ങൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ഇത് സംബന്ധിച്ച് ഓരോ പോലീസ് കേസ് വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് ഇതുസംബന്ധിച്ച് മറ്റൊരു കേസിൽ ബന്ധപ്പെട്ട തഹസിൽദാരോട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സ.ഉ. (ആർ‌റ്റി) നമ്പർ 1627/2015/ഡി.എം.ഡി. തീയതി 27-3-2015 പ്രകാരം 3.9 കോടി രൂപ ഭൂകമ്പമാപിനികൾക്കും അനുബന്ധ സംവിധാനങ്ങൾക്കുമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇവയ്ക്ക് പുറമേ 94.15 ലക്ഷം രൂപ ചെലവിൽ വിവിധ ആധുനിക ദുരന്ത സാദ്ധ്യത അപഗ്രന്ഥം നടത്തുന്നതിനാവശ്യമായ സംവിധാനം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 5.96 കോടി രൂപ ചെലവിൽ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ വിവര വിശകലന സംവേദന സാങ്കേതികവിദ്യ തയ്യാറാക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ഇ) ഇല്ല.

സീറോ ലാൻഡ്‌ലസ്സ് പദ്ധതി

9 (*399) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യയ്ക്കാകെ മാതൃകയായി സീറോ ലാൻഡ്‌ലസ്സ് പദ്ധതി നടപ്പാക്കിയതിലൂടെ ജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly